**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 11** **10-06-2024 - ൽ മറുപടിയ്ക്ക്**

**ശസ്ത്രക്രിയാ പിഴവുകൾ ആവർത്തിക്കാതിരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ നാലുവയസ്സുകാരിയുടെ കൈയിൽ ശസ്ത്രക്രിയ ചെയ്യുന്നതിന് പകരം നാവിൽ ശസ്ത്രക്രിയ നടത്തിയതായി പറയപ്പെടുന്ന സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിനായി ഒരു അന്വേഷണ കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റി 20/05/2024 തീയതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐ.എം.സി.എച്ച് സൂപ്രണ്ട്, പീഡിയാട്രിക് സർജറി വിഭാഗം വകുപ്പ് മേധാവി, യൂണിറ്റ് 3 ലെ ഡോക്ടർമാർ, ഓപ്പറേഷൻ തീയേറ്ററിൽ 16/05/2024 ന് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരിൽ നിന്നും അന്വേഷണ കമ്മറ്റി മൊഴി എടുക്കുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയും ചെയ്തിരുന്നു. കുട്ടിയുടെ രക്ഷിതാവിനെ ശനിയാഴ്ച 18/05/2024ന്റെ വൈകിട്ട് 4 മണിക്കു മൊബൈൽ നമ്പറിൽ ബന്ധപ്പെട്ട് 20/05/2024 - ന് അന്വേഷണ സമിതിക്കു മുമ്പാകെ ഹാജരാകണമെന്നു ആവശ്യപ്പെട്ടിരുന്നെങ്കിലും പോലീസിനു മൊഴി നൽകിയതു കൊണ്ട് ഡിപ്പാർട്ട്മെന്റ് തല അന്വേഷണത്തിനു വരില്ല എന്ന് അറിയിച്ചിരുന്നു. സൂപ്രണ്ട് നൽകിയ പ്രാഥമിക അന്വേഷണ റിപ്പോർട്ട്, ഒ.പി. ടിക്കറ്റ്, 16/05/2024 ലെ പീഡിയാട്രിക് സർജറിയിലെ ഓപ്പറേഷൻ ലിസ്റ്റ്, യൂണിറ്റ് ചീഫിന്റെ കൈവശമുള്ള ഓപ്പറേഷൻ തീയതി രേഖപ്പെടുത്തിയ ഡയറി, നഴ്സസ് റിപ്പോർട്ട് എന്നിവ പരിശോധിച്ചു. മൈനർ കേസ് ആയതുകൊണ്ട് അനസ്തേഷ്യ വിഭാഗത്തിലെ ആരും തന്നെ ഈ കുട്ടിയുടെ സർജറിയിൽ ഇടപെട്ടിട്ടില്ല.<br><br>അന്വേഷണ കമ്മിറ്റി കണ്ടെത്തിയ തെളിവുകളുടേയും നിഗമനങ്ങളുടേയും അടിസ്ഥാനത്തിൽ സർജറിയിൽ പിഴവ് വരുത്തിയ ഡോ. ബിജോൺ ജോൺസൻ -നെ |

| | | | |
|---|---|---|---|
| | | | അന്നേ ദിവസം തന്നെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിലുള്ള മറ്റ് കാര്യങ്ങളെക്കുറിച്ച് പരിശോധിച്ച് നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ശസ്ത്രക്രിയ ചെയ്യുന്നതിൽ പിഴവ് വരുത്തിയ ഡോക്ടർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | പിഴവ് വരുത്തിയ ഡോക്ടറെ അന്നേ ദിവസം തന്നെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ആരോഗ്യരംഗത്ത് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ കേരളത്തിൽ തുടർച്ചയായി ഇത്തരം ചികിത്സാ പിഴവുകൾ സംഭവിക്കുന്നുവെന്നത് ഗൗരവമായി പരിശോധിക്കുമോ; | (സി) | ഇത്തരം ഒറ്റപ്പെട്ട ചികിത്സാ പിഴവുകൾ അതീവ ഗൗരവകരമായി കാണുന്നു. ആയതിനാൽ ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ മെഡിക്കൽ കോളേജ് ആശുപത്രി ഓപ്പറേഷൻ തിയേറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിയേറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിംഗും, ഓറിയന്റേഷൻ ക്ലാസുകളും നൽകിവരുന്നു. എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതാത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറേയും, തിയേറ്ററിന്റെ ചുമതലയുള്ള സീനിയർ നേഴ്സിംഗ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നേഴ്സിംഗ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയത്തിൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്. വകുപ്പ് മേധാവികളുടെ നേതൃത്വത്തിൽ ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളിലും മോണിറ്ററിംഗ് കാര്യക്ഷമമാക്കിയിട്ടുണ്ട്.<br><br>കൂടാതെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി WHO മാർഗനിർദ്ദേശങ്ങളിലെ ചുവടെപറയുന്ന കാര്യങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>1. WHO മാനദണ്ഡപ്രകാരമുള്ള ചെക്ക് ലിസ്റ്റ്, പ്രോട്ടോക്കോൾ പിന്തുടരുക<br><br>2. രോഗിയെ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നതിനു മുൻപായി കുറഞ്ഞത് രണ്ടു തവണയെങ്കിലും രോഗികളുടെ ഐഡന്റിറ്റി പരിശോധിച്ച് ഉറപ്പുവരുത്തണം. |

| | | | |
|---|---|---|---|
| | | | 3. ഓപ്പറേഷൻ നടത്തുന്ന സർജൻ, അനസ്തെറ്റിക്, നഴ്സിംഗ് ഓഫീസർ എന്നിവർ സർജറിക്കായി നൽകിയ സമ്മതപത്രവും മറ്റ് രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തണം.<br><br>4. ശസ്ത്രക്രിയ നടത്തുന്നത് മാറിപ്പോകാതിരിക്കാൻ ശസ്ത്രക്രിയ നടത്തുന്ന സ്ഥലം/ടേബിൾ നേരത്തെതന്നെ നിശ്ചയിച്ച് നൽകണം.<br><br>5. എല്ലാ ഉപകരണങ്ങളും, സർജറിയ്ക്ക് വേണ്ട മറ്റ് സംവിധാനങ്ങളും പൂർണ്ണ സജ്ജമാണെന്ന് സർജറിക്കു മുൻപ് ഉറപ്പുവരുത്തണം.<br><br>6. Infection Control Protocol പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. |
| (ഡി) | എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കില്ല എന്നത് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | (സി) പിരിവിൽ ചേർത്ത പ്രകാരം. |

സെക്ഷൻ ഓഫീസർ